**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്**

നം.78518/ഡി.ബി.1/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 28.12.2009

## സർക്കുലർ

വിഷയം:– തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി – നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:– 1. സ.ഉ.(എം.എസ്) നം. 226/2008/തസ്വഭവ; തീയതി 19.08.2008
2. സ.ഉ.(സാധാ) നം.1147/2009/തസ്വഭവ; തീയതി 15.05.2009
3. സ.ഉ.(പി) നം.129/2009/ടി.ഡി; തീയതി16.07.2009
4. സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
5. സ.ഉ. (എം.എസ്) നം. 214/2009/തസ്വഭവ; തീയതി 16.11.2009
6. സ.ഉ.(എം.എസ്) 52/2009/വനം.; തീയതി 26.11.2009

വാസയോഗ്യമല്ലാത്ത ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ‘എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ’ മാർഗ നിർദ്ദേശങ്ങൾ സൂചന 1 പ്രകാരവും ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങൾ സൂചന 4 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി എന്നിവ ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന എല്ലാ ഭവനപദ്ധതികളുടെയും പട്ടികവർഗ ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും സൗജന്യമായി തടി അനുവദിക്കുന്നതാണെന്ന് സൂചന 6 പ്രകാരം ഉത്തരവായിട്ടുണ്ട്. തടി ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും ആ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പട്ടികവർഗ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിന് ഈ രീതിയിൽ സൗജന്യമായി തടി ലഭ്യമാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.

(2) ഭവന പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് ആവശ്യമായ മണൽ ഭവന വകുപ്പ് ആരംഭിച്ചിട്ടുള്ള കലവറ സംവിധാനത്തിലൂടെ ലഭ്യമാക്കണമെന്ന് സൂചന 4 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗരേഖയുടെ ഖണ്ഡിക 24.2(2) ൽ നിർദ്ദേശിച്ചിട്ടുണ്ട്. മണലിന് പുറമെ സിമെന്റ്, കമ്പി തുടങ്ങിയ നിർമ്മാണ സാമഗ്രികളും കലവറയിൽ ലഭ്യമാണ്. കലവറയിൽ ലഭ്യമായ ഇത്തരം നിർമ്മാണ സാമഗ്രികളും ഭവന പദ്ധതികൾക്ക് ഉപയോഗിക്കേണ്ടതാണ്. നിർമ്മാണ സാമഗ്രികൾ ഒരുമിച്ച് ശേഖരിക്കുന്നത് ലാഭകരമായിരിക്കും.

(3) ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിക്കൊണ്ട് സൂചന 3 പ്രകാരം ഉത്തരവായിട്ടുണ്ട്. ലക്ഷം വീടുകളിൽ പലതിലും യഥാർത്ഥ കൈവശക്കാരല്ല ഇപ്പോൾ താമസിക്കുന്നത്. ഇപ്പോൾ താമസിക്കുന്ന കുടുംബം അർഹതപ്പെട്ട കുടുംബമാണെന്ന് തദ്ദേശഭരണ സ്ഥാപനം കണ്ടെത്തുകയാണെങ്കിൽ അവർക്ക് കൈവശാവകാശരേഖ നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് സൂചന 2 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇങ്ങനെ അർഹരായവരാണെന്ന് കാണുന്നവർക്ക് ഭൂമി കൈമാറ്റം ചെയ്ത് നൽകേണ്ടി വരും. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി ഇ.എം.എസ് ഭവന പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. അതിനാൽ ഇപ്രകാരം ഭൂമി കൈമാറ്റം ചെയ്ത് നൽകുന്ന അവസരത്തിലും മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒടുക്കേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു.

(4) ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് സ്ഥലമൊരുക്കൽ, അടിത്തറ നിർമ്മിക്കുന്നതിന് കുഴിയെടുക്കൽ, അടിത്തറ മണ്ണിട്ട് നിറയ്ക്കൽ മുതലായവ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടപ്പാക്കണമെന്നുള്ള സൂചന 4 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗരേഖയിലെ നിർദ്ദേശങ്ങൾ (ഖണ്ഡിക 19.2) എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കും ബാധകമായിരിക്കും.

(5) ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് ഏർപ്പെടുത്തേണ്ട അനുബന്ധ സൗകര്യങ്ങൾ സംബന്ധിച്ച് സൂചന 4 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗരേഖയിലെ നിർദ്ദേശങ്ങൾ (ഖണ്ഡിക 17) എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കും ബാധകമായിരിക്കും.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സെറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. വനം-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്